# പതിനാലാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം
നിയമസഭാ ചോദ്യം നമ്പർ: 39 — 29.11.2018 ലെ മറുപടിയ്ക്ക്

**ചോദ്യം** — **ഉത്തരം**

ശ്രീ.ടി.വി.ഇബ്രാഹിം
പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ
ശ്രീ.പി.ഉബൈദുള്ള
ശ്രീ.സി.മമ്മൂട്ടി

ഡോ. റ്റി.എം. തോമസ് ഐസക്
ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ട്രഷറികളിൽ ജീവനക്കാരുടെ സഹായത്തോടെ തട്ടിപ്പുകൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | ഒറ്റപ്പെട്ട ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | മലപ്പുറം ജില്ലയിലെ ചങ്ങരംകുളം, പൊന്നാനി എന്നീ സബ്ട്രഷറികളിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് അടച്ച തുക ഏതെങ്കിലും വ്യക്തിയുടെ അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | | CMDRF തുക മാറ്റിയ പ്രശ്നം പ്രാഥമിക അന്വേഷണത്തിൽ വ്യക്തമായിട്ടില്ല. ഇത് സംബന്ധിച്ചുള്ള വിശദമായ വകുപ്പുതല അന്വേഷണം നടന്നുവരികയാണ്. അന്വേഷണം പൂർത്തിയാകുമ്പോൾ മാത്രമേ ഇതു സംബന്ധിച്ച് വ്യക്തത വരുകയുള്ളൂ. |
| (സി) | സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റുകൾ ദുരുപയോഗം ചെയ്തതായി അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ; | | ഉണ്ട്. വിശദമായ അന്വേഷണം ഇതിന്മേൽ നടന്നുവരുന്നു. |
| (ഡി) | തട്ടിപ്പ് നടത്തുകയും അതിനു കൂട്ടു നിൽക്കുകയും ചെയ്തവർക്കെതിരെ എന്തെല്ലാം നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | | മലപ്പുറം ജില്ലയിലെ ചങ്ങരംകുളം, പൊന്നാനി എന്നീ സബ്ട്രഷറികളിൽ നടന്ന ക്രമക്കേടു സംബന്ധിച്ച് മലപ്പുറം ജില്ലാ ട്രഷറി ഓഫീസർ, ചങ്ങരംകുളം, പൊന്നാനി എന്നീ ട്രഷറികളിലെ സബ് ട്രഷറി ഓഫീസർമാർ എന്നിവർ ഉൾപ്പെടെ 7 ട്രഷറി ഉദ്യോഗസ്ഥരെ ഇതിനോടകം അന്വേഷണവിധേയമായി സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്തിട്ടുള്ളതും ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ പരാതി |

| | | | |
|---|---|---|---|
| | | | നൽകിയിട്ടുള്ളതുമാണ്. തുടർന്ന് വിശദമായ വകുപ്പുതല അന്വേഷണത്തിനായി ട്രഷറി വകുപ്പ് ജോയിന്റ് ഡയറക്ടറേയും ഉത്തരമേഖല ഡെപ്യൂട്ടി ഡയറക്ടറേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. അന്വേഷണം പുരോഗതിയിലുമാണ്. |

സെക്ഷൻ ഓഫീസർ